പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4473 28.06.2012 ൽ മറുപടിക്ക്

## 2011-12 ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് പ്ലാൻ ഫണ്ടിൽ നീക്കിവച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) 2011-12 ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് പ്ലാൻ ഫണ്ടിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് ; | (എ) 2011-12 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ്, ദേശീയപാതാ വിഭാഗത്തിൽ പ്ലാൻ ഫണ്ടിൽ 39.11. കോടി രൂപയാണ് നീക്കിവച്ചിരുന്നത്. ഇതിൽ 38 കോടി രൂപയും സി.ആർ.എഫ്. പണികൾക്ക് ബിൽ തുക നൽകാൻ വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. സി.ആർ.എഫ്. പണികൾക്ക് ഭരണാനുമതി നല്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രാലയമാണ്. സംസ്ഥാന ഗവൺമെന്റ് നൽകുന്ന ബിൽ തുക പിന്നീട് കേന്ദ്ര സർക്കാർ തിരിച്ച് തരുകയാണ് ചെയ്യുന്നത്. ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനത്തിന് 12.36 ലക്ഷം രൂപയും ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക്ക് സുരക്ഷിതത്വ നടപടികൾക്ക് 16.48 ലക്ഷം രൂപയും പ്രധാന സംസ്ഥാനാന്തര റോഡുകളുടെ പണികൾക്കായി 82 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇതിൽ നിലവിലുള്ള പണികൾക്ക് ബില്ലുകൾ നൽകാനായി യഥാക്രമം 615.57 ലക്ഷം, 276.68 ലക്ഷം, 589.51 ലക്ഷം രൂപ വീതം അഡിഷണൽ ആതറൈസേഷൻ വഴി അനുവദിച്ച തുക ഉൾപ്പെടെ വിനിയോഗിച്ചിട്ടുള്ളതാണ്. മൊത്തം ചെലവ് 60.21 കോടി രൂപയാണ്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും 154.59 കോടി രൂപയുടെ ഭരണാനുമതി സി.ആർ.എഫ്. പണികൾക്ക് ലഭിച്ചിട്ടുണ്ട്. |

കെട്ടിട വിഭാഗത്തിൽ 2011-12 ബജറ്റിൽ പ്ലാൻ ഫണ്ടിൽ 35.818 കോടി രൂപയാണ് നീക്കി വച്ചിരുന്നത്. ഇതിൽ 54 കോടി രൂപയ്ക്കുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്.

കെ.എസ്.ടി.പി.ക്ക് 2011-12 സാമ്പത്തിക വർഷം 250 കോടി രൂപയാണ് ബഡ്ജറ്റിൽ ഉണ്ടായിരുന്നത്. ഇതിൽ 225.26 കോടി രൂപയക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

2011-12 ബഡ്ജറ്റിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതി ഇനത്തിൽ 588.37 കോടി രൂപയാണ് നീക്കി വച്ചിരുന്നത്. ഇതിൽ ഭരണാനുമതി നൽകിയിത് 1750.04 കോടി രൂപയ്ക്കാണ്.

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയതിൽ എത്ര തുക കുടിശ്ശിക യുണ്ടായിരുന്നു എന്ന് അറിയിക്കുമോ ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് ദേശീയപാതാ വിഭാഗത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയതിൽ ചെയ്ത പണികൾക്ക് 3.59 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു.

കെട്ടിട വിഭാഗത്തിൽമുൻ ഗവൺമെന്റിന്റെ കാലത്ത് പ്ലാൻ ഫണ്ടിൽ (4059) നിന്നും ഭരണാനുമതി നല്കിയതിൽ 15.75 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയതിൽ, പെന്റിംഗ് ബിൽ ഇനത്തിൽ 3/2011-ലേക്ക് 1,41,46,98,640/- രൂപയാണ് കുടിശ്ശികയായിട്ടുണ്ടായിരുന്നത്.

(സി) 2011-12 ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് നോൺ പ്ലാൻ ഫണ്ടിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) 2011-12 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ്, ദേശീയപാത വിഭാഗത്തിലെ നോൺ പ്ലാൻ ഫണ്ടിൽ 39.70 കോടി രൂപ നീക്കിവച്ചിരുന്നു. ഈ ഇനത്തിൽ 84.85 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കെട്ടിട വിഭാഗത്തിൽ 2011-12 ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് നോൺ പ്ലാൻ ഫണ്ടിൽ 114.44 കോടി രൂപയാണ് (വർക്ക് ഹെഡ്) നീക്കി വച്ചിരുന്നത്. ഇതിൽ 115 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| | 2011-12 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയേതര ഇനത്തിൽ 1726.87 കോടി രൂപയാണ് നീക്കി വച്ചിരുന്നത്. ഇതിൽ 887.57 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി |
| (ഡി)ചീഫ് എഞ്ചിനീയർ (റോഡ്സ്)-ന് ഭരണാനുമതി നൽകാവുന്നത് എത്ര തുകവരെയുള്ള പ്രവർത്തികൾക്കാണെന്ന് വ്യക്തമാക്കുമോ ; | (ഡി) ചീഫ് എഞ്ചിനീയർ (റോഡ്സ്) ഉൾപ്പെട്ട സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റിക്ക് പരമാവധി 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വ്യവസ്ഥയുണ്ട്. |
| (ഇ) അത്തരം പ്രവർത്തികൾ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വീതിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; | (ഇ) ഇല്ല. നിയോജക മണ്ഡലാടിസ്ഥാനത്തിലല്ലമറിച്ച് ജില്ലാടിസ്ഥാനത്തിലാണ് വീതിച്ചു നല്കുന്നത്. |
| (എഫ്)എത്ര എം. എൽ. എ. മാർ ശുപാർശചെയ്ത റോഡുകൾക്ക് ഇപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് ; എങ്കിൽ ഇപ്രകാരം കൊടുത്ത റോഡുകളുടെ വിശദാംശങ്ങൾ നൽകുമോ ? | (എഫ്) അതാതു ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റികൾ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ